# കാർണവർ വധം – 'ഷെറിൻ' ഒരു പുനർവായന

നമ്മുടെ സമൂഹത്തിൽ ചില കാര്യങ്ങൾ, ചോദ്യങ്ങൾക്ക് വിധേയമാവാതെ സനാതനമായി തുടരുന്നതാണെന്ന ബോധം പൊതുവേയുണ്ട്. അത്തരത്തിൽ മാറ്റമില്ലാതെ തുടരുന്ന ഒന്നാണ് കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള (Crime) ബോധം. എന്നാൽ അങ്ങിനെ മാറ്റമില്ലാതെ തുടരുന്നതാണോ കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള പൊതുബോധം? അല്ല എന്നുള്ളതാണ് സത്യം.

എന്താണ് ക്രൈം? ഓരോ വ്യവസ്ഥിതിയിലും ആ വ്യവസ്ഥിതിയുടെ നിലനിൽപ്പിനാധാരമായ ധർമ്മങ്ങളെയും അധർമ്മങ്ങളെയും വ്യവച്ഛേദിച്ചിട്ടുണ്ട്. വ്യാവസായികവിപ്ലവത്തിന്റെ ഉദയത്തോടെ ആരംഭിച്ച നവോത്ഥാന മാനുഷികമൂല്യങ്ങൾ, മുതലാളിത്തകാലത്തിന്റെ ധർമ്മാധർമ്മങ്ങളെ വളരെ വ്യക്തമായി വകഞ്ഞിട്ടിട്ടുണ്ട്. ഇന്ന് നാം കുറ്റകൃത്യമെന്നും, അസാന്മാർഗികമെന്നും വിളിക്കുന്ന പലതും ഈ വേർതിരിവിൻപ്രകാരം സമൂഹത്തിൽ പൌരന് വന്നുചേർന്ന ബോധത്തിൽ നിന്നാണ് ഉണ്ടായിട്ടുള്ളത്.

ഒരു കുറ്റകൃത്യത്തെ സൃഷ്ടിക്കുന്നതിൽ വ്യക്തിഗതമായ കർതൃത്വത്തേക്കാൾ, സാമൂഹിക സാഹചര്യങ്ങൾക്കാണ് കൂടുതൽ പങ്കെന്ന് നവോത്ഥാനം അസന്ദിഗ്ദ്ധമായി പറഞ്ഞിട്ടുള്ളതാണ്. ഈ ആശയത്തെ ലോകമനസാക്ഷിക്ക് മുമ്പിൽ കൊണ്ടുവരികയും, ഫ്യൂഡലിസത്തിന്റെ ചടവ് വിട്ടുമാറിയിട്ടില്ലാത്ത ഇന്ത്യൻ ജനതയെപ്പോലും ചിന്തിപ്പിക്കുകയും പരിവർത്തനപ്പെടുത്തുകയും ചെയ്യുകയായിരുന്ന മഹാനായ വിക്ടർ ഹ്യൂഗോ ചെയ്തത്. "പാവങ്ങൾ" എന്ന അദ്ദേഹത്തിന്റെ വിഖ്യാത നോവലിലൂടെ സമൂഹം എങ്ങിനെയാണ് വ്യക്തിയിൽ കുറ്റകൃത്യം സൃഷ്ടിക്കുന്നതെന്നും, അവനെ അതിൽ നിന്നും പുറത്തു കടക്കാനനുവദിക്കാതെ കുറ്റവാളിയായിത്തന്നെ തളച്ചിടുന്നതെങ്ങിനെയെന്നും ഭംഗിയായി വിവരിക്കുന്നുണ്ട്.

നവോത്ഥാന ആശയങ്ങൾ വന്നിട്ട് 3 നൂറ്റാണ്ടുകളായിരിക്കുന്നു. എന്നാൽ ഇന്നും സമൂഹത്തിൽ നടക്കുന്ന കുറ്റകൃത്യങ്ങൾ ഏറ്റവുമെളുപ്പം ഏതെങ്കിലുമൊരാളിൽ ആരോപിച്ച് അവനെ/അവളെ കല്ലെറിഞ്ഞു വീഴ്ത്തി, ഈ രക്തത്തിലെനിക്ക് പങ്കില്ലയെന്ന് പറയുവാനുള്ള തത്രപ്പാടിലാണ് ഏവരും. ഈ കൈകഴുകലിൽ മാധ്യമങ്ങളും പോലിസും, കോടതിയും ജനങ്ങൾക്ക് മുമ്പേ നടക്കുന്നുവെന്നതാണ് നമുക്ക് മുന്നിലുള്ള വർത്തമാനകാല യാഥാർത്ഥ്യം.

സമീപകാലത്തായി മലയാളമാധ്യമങ്ങളും, ഭരണകൂടവും നമ്മുടെ മുമ്പിലേക്ക് കൊണ്ടുവന്ന് ആഘോഷിച്ച കുറ്റകൃത്യങ്ങളെ ഈ നിലയ്ക്ക് അവ നിൽക്കുന്ന സാമൂഹികപരിസരത്തുവച്ച് പഠിക്കാനും, അവ സൃഷ്ടിച്ച സാമൂഹിക സാഹചര്യങ്ങളോട് തന്റെ പ്രതികരണമറിയിക്കുവാനും, ചിന്തിക്കുന്ന ഏതൊരു പൌരനും ബാധ്യതയുണ്ട്. ഭരണകൂട ഏജൻസിയെന്ന നിലയിൽ, പോലിസ് ഒരു കേസ് അന്വേഷിക്കുന്നതുതന്നെ യഥാർത്ഥത്തിൽ ഈയൊരു സങ്കൽപ്പത്തോടെയാണ്. അല്ലാതെ ഏറ്റവും എളുപ്പം കുറ്റം ചെയ്ത ആളെ കണ്ടെത്തി തുറുങ്കിലടക്കുകയോ, തൂക്കിക്കൊല്ലുകയോ ചെയ്യുകയെന്ന ലക്ഷ്യം വച്ചല്ല, മറിച്ച് കുറ്റവാളിയെ പിടിക്കുന്നതോടൊപ്പം കുറ്റകൃത്യത്തിന് വഴിവച്ച സാമൂഹിക സാഹചര്യങ്ങൾ വിവൃതമാക്കുകയും, അവ ശാശ്വതമായി പരിഹരിക്കാൻ ഉതകുന്ന തരത്തിൽ സമൂഹത്തിന്റെ പൊതുമന:സാക്ഷിക്ക് മുമ്പിൽ കൊണ്ടുവരികയെന്ന ലക്ഷ്യമാണ്, കുറ്റകൃത്യങ്ങൾ അന്വേഷിക്കുവാനുള്ള ബാധ്യത സ്റ്റേറ്റ് ഏറ്റെടുത്തു കൊണ്ട് പോലിസിലൂടെ നിർവഹിക്കപ്പെടേണ്ടത്.

ഈയൊരു സന്ദർഭത്തിലാണ് ഈ പോസ്റ്റിൽ ചർച്ച ചെയ്യാനുദ്ദേശിക്കുന്ന പ്രമാദമായ, "കാർണവർ വധക്കേസിലെ" പ്രതിയെന്ന് നീതിന്യായകോടതി വിധിയെഴുതിയ ശ്രീമതി. ഷെറിന്റെ കുറ്റവും വിചാരണയും വായനക്കാർക്ക് മുമ്പിൽ ഇവിടെ തുറക്കപ്പെടുന്നത്. ഒരു വിഷയത്തെ ആളുകളുടെ മനോഭാവത്തിനനുസരിച്ച് "എങ്ങിനേയും" വിശകലനം ചെയ്യാമെന്നുള്ളതും, മസാലകളും ഇക്കിളികഥകളും ചേർത്ത് അവതരിപ്പിക്കുകയും ചെയ്യാമെന്നതും ഇന്നത്ര പ്രയാസമുള്ള കാര്യമല്ല. അത്തരത്തിൽ മന:പൂർവ്വം ഫാബ്രിക്കേറ്റ് ചെയ്ത ഒരു പോസ്റ്റാണ്, നട്ടപ്പിരാന്തുകളിൽ പ്രസിദ്ധീകരിച്ചതും, ഈ പോസ്റ്റിന് ഉപോത്ബലകമായി വർത്തിക്കുന്ന ഈ ബ്ലോഗിലെ തന്നെ "വൈശാലിയുടെ ക്രൂരകൃത്യങ്ങൾ" എന്ന പോസ്റ്റ്.

ഇത്തരമൊരു കാഴ്ചപാടിൽ നിന്നുകൊണ്ട് മാധ്യമങ്ങളും, ഒപ്പം മലയാളികളും ആഘോഷപൂർവ്വം വിചാരണ ചെയ്ത "കാർണവർ വധക്കേസിനെ" പുനർവിചാരണ ചെയ്യുകയാണിവിടെ.

2009 നവംബർ 8 ന ഭാസ്കര കാരണവർ എന്ന അമേരിക്കൻ മലയാളി ചെങ്ങന്നൂർ ചെറിയനാട് എന്ന സ്ഥലത്തുള്ള സ്വന്തം വീട്ടിൽ വച്ച് നിഷ്ഠൂരമായി കൊലചെയ്യപ്പെട്ടു. കവർച്ചാ ശ്രമത്തിനിടയിലാണ് കൊലയെന്ന് തോന്നിപ്പിക്കും വിധമാണ് സംഭവങ്ങൾ ആദ്യം പുറത്തുവന്നത്. എന്നാൽ ദിവസങ്ങൾക്കകം തന്നെ ഈ കൊലപാതകം നടത്തുമ്പോൾ കൂടെ ആക്രമിക്കപ്പെട്ടുവെന്ന് പറഞ്ഞിരുന്ന, കാരണവരുടെ രണ്ടാമത്തെ മകന്റെ ഭാര്യ ഷെറിനു നേരെ പോലീസിന്റെ സംശയ ദൃഷ്ടി നീളുകയും ഷെറിൻ അറസ്റ്റ് ചെയ്യപ്പെടുകയുമുണ്ടായി. ഷെറിനു കൊലപാതകത്തിലുള്ള പങ്ക് തിരിച്ചറിഞ്ഞ പോലീസ് ഡിസംബർ ആദ്യവാരം കർണ്ണാടകയിൽ വച്ച് കൂട്ടു പ്രതികളെ കൂടി അറസ്റ്റ് ചെയ്തു. കൊലപാതകം(302) ഗൂഡാലോചന(120) തെളിവ്

http://nattapiranthukal.com

നശിപ്പിക്കൽ(201) തുടങ്ങിയ പ്രധാന ചാർജ്ജുകളോടെ പോലീസ് ദ്രുതഗതിയിൽ കോടതിലെത്തിച്ച ഈ കേസിൽ മാവേലിക്കര അതിവേഗ സെഷൻസ് കോടതി 2010 ജൂൺ 8നു ഷെറിനെയും കൂട്ടു പ്രതികളെയും കുറ്റക്കാരണെന്നു കണ്ട് ശിക്ഷവിധിച്ചു.

ദൃക്സാക്ഷികളെ അവശേഷിപ്പിക്കാതെ നടന്ന ഒരു കൊലപാതകത്തിൽ പ്രതികളെ അറസ്റ്റു ചെയ്യുന്നതിലും ആ പ്രതികളെയും തെളിവുകളെയും കോടതിയുടെ മുന്നിലെത്തിക്കുന്നതിലും കേരളാ പോലീസ് കാണിച്ച വേഗതയും സൂക്ഷ്മതയും അഭിനന്ദനാർഹമാണ്. അനന്തമായി നീട്ടി വയ്ക്കുന്നതിലൂടെ നിരന്തരം നീതി നിഷേധം നടത്തുന്നുവെന്ന് മിക്കപ്പോഴും ആക്ഷേപം ഏറ്റു വാങ്ങിയിട്ടുള്ള ഇന്ത്യൻ ജുഡിഷറിയാകട്ടെ, കാലതാമസമെന്ന അതിന്റെ കുപ്രസിദ്ധിയെ മറികടന്ന് അതിവേഗത്തിൽ ഈ കേസ് മെരിറ്റിൽ വിധിക്കുകയായിരുന്നു. അങ്ങനെ അന്വേഷണ ഏജൻസിയും നീതി പീഠവും മാതൃകാപരമായി അന്വേഷണവും വിചാരണയും പൂർത്തിയാക്കിയ ഈ സംഭവത്തിനു ഈ കണ്ടതിനപ്പുറത്തുള്ള യാഥാർത്ഥ്യങ്ങളുണ്ടോ?

ഈ കേസിലെ ഒന്നാം പ്രതി ഷെറിൻ, ഭാസ്കരകാരണവരുടെ രണ്ടാമത്തെമകൻ ബിനുവിന്റെ ഭാര്യയാണ്. ശാരീരികമോ മാനസികമോ ആയ യാതൊരുവിധ വൈകല്യങ്ങളും ഇല്ലാത്ത ഷെറിൻ എങ്ങിനെ മന്ദബുദ്ധിയും അതിന്റേതായ ശാരീരിക വൈകല്ല്യങ്ങളുമുള്ള ബിനുവിന്റെ ഭാര്യയായി???? അംഗവൈകല്യമുള്ള ഒരാളുടെ സഹധർമ്മിണിയായിരുന്നുകൊണ്ട് തന്റെ ജീവിതം ത്യാഗപൂർണ്ണമായ ഒന്നാക്കിമാറ്റാമെന്ന് വിചാരിട്ടല്ല. ഏതെങ്കിലും തരത്തിലുള്ള ശാരീരികവൈകല്യമുള്ള ഒരാളിനോട് തോന്നാവുന്ന സഹതാപം പ്രണയമായി മാറിയതല്ല. അതുമല്ലെങ്കിൽ, മാംസനിബദ്ധമല്ലാത്ത പ്രേമത്തിന്റെ അലൌകിക പരിമളത്തിൽ വിരിഞ്ഞതല്ല. ഇത്തരത്തിലെല്ലാം നടക്കുന്ന വിവാഹങ്ങൾ വളരെ അപൂർവ്വമായിട്ടെങ്കിലും നമുക്ക് ചുറ്റും നടക്കുന്നുണ്ട്. എന്നാൽ ഇത് അത്തരത്തിലൊന്നായി കണക്കാനാവില്ല. മനുഷ്യരുടെ ഇടയിൽ ചരിത്രാതീതകാലം മുതൽ ബലിസമ്പ്രദായം നിലവിലുണ്ടായിരുന്നു. കൂട്ടത്തിൽ മുന്തിയ ഒരെണ്ണത്തെ ബലിനൽകികൊണ്ട് കൂട്ടത്തിലുള്ള മറ്റുള്ളവരെ മഹാമാരിയിൽ നിന്നും പ്രകൃതി കോപങ്ങളിൽ നിന്നും രക്ഷിക്കുകയെന്നതായിരുന്നു ഈ ബലികളിൽ പ്രവർത്തിച്ചിരുന്ന പ്രാഥമിക യുക്തി. ബലിയിൽ പ്രവർത്തിച്ച ഈ യുക്തിയുടെ വിവിധതരത്തിലുള്ള ഇടപെടലുകൾ നമ്മുടെ മതപരമായ പ്രവർത്തനങ്ങളിലും രാഷ്ട്രീയ പ്രവർത്തനങ്ങളിലും വർത്തിക്കുന്നുണ്ട്. അതിർത്തിയിൽ നമുക്കായി മരിച്ചു വീഴുന്ന പട്ടാളക്കാരനും ചാവേറായി പൊട്ടിത്തെറിക്കുന്ന തീവ്രവാദിയും ആധുനിക ലോകത്തിലെ ബലിയുടെ രണ്ട് വ്യത്യസ്തമായ നിക്ഷേപമേഖലകളാണ്. ഷെറിന്റെ വിവാഹവും ഒരു ബലിയാണ്. ശാരീരികമോ മാനസികമോ ആയി ശേഷിയില്ലാത്ത ഒരാളെ ഭർത്താവായി സ്വീകരിച്ചുകൊണ്ട് തന്റെ മനസ്സിലെ നിറമുള്ള സ്വപ്നങ്ങളെയും ആഗ്രഹങ്ങളെയും എറിഞ്ഞുടച്ച ഈ പെൺകുട്ടി സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള തന്റെ കുടുംബത്തിനും അവിടെ തനിക്കു താഴെപിറന്ന കുട്ടികൾക്കും തന്റെ തന്നെ വിശപ്പെന്ന മഹായാഥാർത്ഥ്യത്തിനും മോചനമുണ്ടാകുമെന്ന പ്രതീക്ഷയിൽ സാമ്പത്തിക ശേഷിയുള്ള ഒരു അമേരിക്കൻ മലയാളി കുടുംബത്തിൽ വധുവായിത്തീരുകയായിരുന്നു. വധുവായ ശേഷം അവിടെ കിട്ടിയ സാഹചര്യങ്ങളെ ചൂഷണം ചെയ്യുകയോ മുതലെടുക്കുകയോ ചെയ്തിരിക്കാം പക്ഷേ വിവാഹം നടക്കുമ്പോൾ അത്തരം സാധ്യതകൾ വിദൂരമായിരുന്നു. ഇങ്ങനെ സ്വയം ബലിയായി തീർന്നുകൊണ്ട് അല്ലങ്കിൽ തന്റെ വീട്ടുകാരുടെ നിർബന്ധത്തിനു വഴങ്ങിയും കാലമേല്പിക്കുന്ന ബാധ്യതകളേറ്റെടുത്തും ബലിയാടായിത്തീരുന്ന അനേകായിരം പെൺകുട്ടികളുടെ കഥക്ക് നാം പാഴൂർ പടിവരെയൊന്നും പോവേണ്ടതില്ല, നമ്മുടെ കൺവെട്ടത്തിൽ തന്നെ സുലഭമാണ്.

ഇനി വിവാഹത്തിലേക്ക് വരാം. നമ്മുടെ സമൂഹത്തിൽ വിവാഹമെന്നതു കൊണ്ട് ലക്ഷ്യം വയ്ക്കുന്നത് എന്താണ്? ഒരാണിനും പെണ്ണിനും പരസ്പരം ശരീരം പങ്കുവച്ച് ജീവിക്കാനുള്ള ലൈസൻസുമാത്രമാണോ വിവാഹം. അല്ലേ അല്ല. വിവാഹം ഒരു ഉടമ്പടിയാണ്. ധാരാളം നിബന്ധനകൾ നിറഞ്ഞ ഒരു കോൺട്രാക്റ്റ്. ഒരു ഉടമ്പടിയും, അതിലടങ്ങിയിരിക്കുന്ന എല്ലാ മേഖലകളെയും ഒരു പോലെ തൃപ്തിപ്പെടുത്തികൊണ്ട് നടക്കുന്ന ഒന്നല്ല. ചില ഘടകങ്ങളിൽ ആകർഷണത്വം കൂടുകയും മറ്റ് ചിലവ നൃൂടലുമായിരിക്കും. ചിലപ്പോൾ ദോഷമായിതീരാവുന്ന ഒരു ഘടകത്തെപോലും മറ്റ് ചില ഘടകങ്ങളോടുള്ള താത്പര്യത്തിൽ നമ്മൾ സ്വീകരിച്ചെന്നും വരും. ഇത് ഒരു സാധാരണ വസ്തു ഉടമ്പടി മുതൽ ആണവകരാറുവരെയുള്ള കാര്യത്തിൽ ബാധകമാണ്. വഴിയുണ്ട് എന്ന ഗുണം ഫലവൃക്ഷങ്ങളില്ലയെന്ന കുറവിനെ കവിഞ്ഞ് നിൽക്കുന്നതായികണ്ട് ഒരാൾ ഒരു വസ്തു പ്രമാണംചെയ്ത് വാങ്ങുന്നതു പോലെ എല്ലാ വിവാഹ ഉടമ്പടികളിലും പ്രത്യക്ഷവും പരോക്ഷവും ആയ ഘടകങ്ങൾ ഉണ്ട്. ഷെറിൻ- ബിനു വിവാഹത്തിൽ ഷെറിനു ലഭിക്കുമായിരുന്ന നേട്ടങ്ങൾ സാമ്പത്തികമായി ഉന്നത നിലയിൽ ഉള്ള ഒരു കുടുംബത്തിലേയ്ക്കുള്ള ബന്ധം, അത് നൽകുന്ന സാമ്പത്തികവും സാമൂഹികവുമായ സുരക്ഷിതത്വം എന്നിവയാണ്. എന്നാൽ കോട്ടങ്ങൾ എന്തൊക്കെയാണ്? തന്റെ ശാരീകവും മാനസികവുമായ ലോകങ്ങളിൽ തനിക്കു പോന്ന ഒരു ജീവിത പങ്കാളിയുടെ അഭാവം. അങ്ങനെ ഭാഗികമായി മാത്രം ഗുണകരമാവുന്ന ഈ ഉടമ്പടിയിലെ സാമ്പത്തിക സുരക്ഷിതത്വം എന്ന ഏക സാധ്യതകൂടി അവതാളത്തിലാവുന്നതാണ് ഭാസ്കരകാരണവരിൽ നിന്ന് അവൾ അറിയുന്നത്. ഇക്കാലയളവിൽ, കാരണവർകുടുംബത്തിനുള്ളിൽ അവൾക്ക് നേരിടേണ്ടി വന്ന അവഗണനയുടേയോ മുതലെടുപ്പിന്റെയോ കഥകൾ ഇന്ന് ആരു പറയും. ഷെറിനു ഇനി അതാരോടും പറയാനുള്ള അവകാശമില്ല കാരണം ഗുരുതരമായ ഒരു കുറ്റകൃത്യത്തിനു ശിക്ഷ അനുഭവിക്കുന്ന കുറ്റവാളിക്ക് ഇനി തന്റെ പൂർവ്വാനുഭവങ്ങളിലെ ദുരന്തങ്ങൾ പറയാനെന്തവകാശമാണുള്ളത്.

ഇത്തരത്തിൽ ഒരു വിവാഹത്തിൽ ഏർപ്പെടാൻ വിധിക്കപ്പെടുന്ന പെൺകുട്ടിക്ക് എന്ത് സംരക്ഷണമാണ് സ്റ്റേറ്റ് നൽകുന്നത്. നമ്മുടെ നാട്ടിൽ ഒരു കുട്ടിയെ ദത്തെടുക്കണമെങ്കിൽ, ദത്തെടുക്കുന്നവർ കുട്ടിയുടെ സുരക്ഷ ഉറപ്പാക്കുന്ന തരത്തിൽ സാമ്പത്തികമായ സെക്യൂരിറ്റി കാണിക്കണം. വസ്തുവായോ പണമായോ നൽകുന്ന ഈ ഉറപ്പിന്റെ മുകളിലാണ് ദത്ത് അനുവദിക്കുന്നത്. എന്നാൽ ഇവിടെ അത്തരം യാതൊരു വിധ സുരക്ഷയും ഈ പെൺകുട്ടികൾക്ക് ലഭിക്കുന്നില്ല. തന്റെ

http://nattapiranthukal.com

താത്പര്യങ്ങൾക്ക് വഴങ്ങാതെ വരുമ്പോൾ കുടുംബത്തിലെ സ്വത്തിന്റെ കൈവശക്കാരായവർ അത് വഴിമാറ്റുകയും പെൺകുട്ടികൾ വഴിയാധാരമാവുകയും ചെയ്യുകയാണ് സാധാരണയായി സംഭവിക്കുന്നത്. ഇവിടെയും ഇതെല്ലാമാണ് നടന്നത്.

മനുഷ്യന്റെ ജൈവപരമായ ആവശ്യങ്ങളിൽ വിശപ്പും സെക്സും ഒരു പോലെ പ്രധാനങ്ങളാണ്. ഇതു രണ്ടും അർഹമായ രീതിയിൽ സുരക്ഷിതമായും നിയമപരമായും ലഭ്യമാകാനുള്ള അവകാശം ഏതൊരു പൌരനുമുണ്ട്. എന്നാൽ ഭക്ഷണം വിലക്കപ്പെടുന്ന ഒരാൾക്ക് ലഭിക്കുന്ന സഹതാപമോ മാനുഷിക പരിഗണനകളോ സെക്സ് നിഷേധിക്കപ്പെടുന്ന ഒരാൾക്ക് ലഭിക്കുന്നില്ല. അതൊരു സ്ത്രീയാണെങ്കിൽ പറയാനുമില്ല. ഇതെല്ലാം അനുഭവിക്കേണ്ടവളാണ്, അപ്പോൾ മാത്രമാണ് ഒരു സ്ത്രീ കുലീനയായിതീരുന്നത് എന്ന ബോധമാണ് നമ്മുടെ സമൂഹം വച്ച് പുലർത്തുന്നത്. ഈ ഹിപ്പൊക്രസി നമ്മെ കുടുബബന്ധങ്ങളിലേ ആന്തരികമായ തകർച്ചയുടെ നെല്ലിപലകയിലെത്തിച്ചിരിക്കുന്നു. നമ്മുടെ നിയമവ്യവസ്ഥയിലും ജീവിത പങ്കാളിക്ക് സെക്സ് നിഷേധിക്കുന്നത് വിവാഹമോചനത്തിനു വേണ്ട മതിയായ കാരണമാണെന്നു നാമോർക്കണം. നമ്മുടെ സമൂഹത്തിൽ നരബലിയുടെ പ്രതീകാത്മകമായ എന്തെല്ലാം പുതിയ രൂപങ്ങൾ. ക്രിസ്ത്യൻ മതത്തിൽ യുവതികൾ കന്യാസ്ത്രീകളാവുന്ന രീതി, എങ്ങനെ പുതിയകാലത്ത് നടപ്പിലാക്കുന്നുവെന്ന് അടുത്ത കാലത്ത് മഠങ്ങളിൽ നിന്നു വന്ന വാർത്തകളും പീഢനങ്ങളും നമ്മോട് പറഞ്ഞതാണ്. ഇത്തരം വിവാഹങ്ങളെയും നാം ഈ അവബോധത്തോടെ വേണം നോക്കികാണാൻ. അതുകൊണ്ട് ഏത് കാരാഗ്രഹത്തിലേക്ക് പറഞ്ഞുവിടുമ്പോഴും, ഏത് ത്രുക്കുകയർ നാം തയ്യാറാക്കി വയ്ക്കുമ്പോഴും ഷെറിൻ എന്നോടും നിങ്ങളോടും പറയുന്നതിതാണ്. ഭക്ഷണത്തിനും ശാരീരികാവശ്യങ്ങൾക്കുമായി അകാലമരണം ഇരന്നുവാങ്ങുന്ന പെൺകുട്ടികളെ നിങ്ങൾ കണ്ടിട്ടുണ്ടോ? അതിൽ നിങ്ങളുടെ പെങ്ങളുടെ മുഖച്ഛായ ഉള്ളവരുണ്ടാകാതിരിക്കട്ടെ!!!!!!!!!!!

നീതിയുടെ ന്യൂസ് അവറുകളിൽ സോളമന്റെ വിശുദ്ധിചമയുന്ന നമ്മുടെ ധർമ്മത്തിന്റെ കാവലാളുകളേ പറയുക, ഷെറിൻ ആരോടാണ് നീതികാണിക്കേണ്ടത്? ദാരിദ്ര്യത്തിന്റെ ഞെരിപ്പോടിൽ നിന്ന് മകളെ ബലിനൽകിയെങ്കിലും രക്ഷപെടാമെന്ന് കരുതിയ തന്റെ രക്ഷിതാക്കളോടോ? രക്ഷിക്കാനും ശിക്ഷിക്കാനും കഴിവില്ലാതെ കേവലം ഒരു താലിചരടിൽ തനിക്ക് ഒരു ഹോം നേഴ്സിനു തുല്ല്യമായ ഭാര്യാപദവിതന്ന ഭർത്താവിനോടോ? മകന്റെ ജീവിതത്തിലേക്ക് മോഹനവാഗ്ദാനങ്ങൾ നൽകി ക്ഷണിച്ചിട്ട്, തന്റെ സാമ്പത്തികസുരക്ഷിതത്വമെന്ന പ്രതീക്ഷ കൂടി തെറ്റിച്ച്, ഒപ്പം വിലക്കെടുത്ത അടിമയ്ക്ക് കൊടുക്കുന്ന സുരക്ഷപോലും നിനക്കില്ലെന്ന് പറഞ്ഞ് അർഹതപ്പെട്ട സ്വത്ത് മാറ്റിയെഴുതിയ ഭർതൃപിതാവിനോടോ? അതോ തിളക്കുന്ന തന്റെ യൌവ്വനത്തിനു ചൂട് നൽകാമെന്ന് പറഞ്ഞ് പ്രലോഭിപ്പിച്ച സമൂഹത്തോടോ? അരോടാണവൾ നീതികാണിക്കേണ്ടത്.

ഒക്കെ പകർത്തുവാൻ കഴിയില്ല, ആ ഗതികേടിൽ മാപ്പു ചോദിക്കുന്നുവെന്ന് വയലാർ എഴുതിയതു പോലെ. ഈ നടന്നത് വെറുമൊരു കഥയെങ്കിൽ നടന്നുകൊണ്ടിരിക്കുന്ന ഇതിഹാസങ്ങളൊരാരു പകർത്തും.

ആ ഗതികേടിനു നട്ടപ്പിരാന്തൻ മാപ്പ് ചോദിക്കുന്നു.

http://nattapiranthukal.com